
DIGITAL MAGAZINE -2024

# IT INSIGHT



Little Kite MIHSS For Girls Puduponnani



ചീഫ് എഡിറ്റേഴ്സ് : Sana sherin

Sree Lakshmi

എഡിറ്റോറിയൽ ബോർഡ് : Najiya

Gayathri

Akbarsha

Sameera

Faseela



994 -ൽ എം. ഐ. ഹൈസ്കൂൾ ബൈഫർക്കേറ്റ് ചെയ്ത് സ്ത്രീ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി പെൺ കുട്ടികൾക്ക് മാത്രമായി രൂപപ്പെട്ട ഒരു എയ്ഡഡ് വിദ്യാലയമാണ് പുതുപൊന്നാനി എം. ഐ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. പൊന്നാനിയിൽ നിന്ന് ഏകദേശം രണ്ടു കിലോമീറ്റർ തെക്ക് N H 17 ൽ പുതുപൊന്നാനി യുടെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്നു. അനന്തമായ അറബികടലിലേക്ക് പ്രകാശം പൊഴിച്ച് സഞ്ചാരികൾക്ക് വഴി കാട്ടിയായി ഒരു വിളക്കുമാടമുണ്ട്(Light House) പൊന്നാനിയിൽ , ആ ദിപസ്തംഭത്തേക്കാൾ എത്രയോ പ്രകാശം പൊഴിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രകാശഗോപുരമായി പരിലസിക്കുകയാണ്

**പുതുപൊന്നാനി എം. ഐ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ .**



**JARJEESU RAHIMAN**
**(Head Master )**

നമ്മുടെ കുട്ടികൾ അവരുടെ കഴിവുകൾ കൂട്ടിച്ചേർത്തിട്ടുള്ള ഡിജിറ്റൽ മാഗസിൻ അറിവ് പകരുന്നതും പരിപോഷിപ്പിക്കാൻ കഴിയുന്നതുമാണ്. ഈ ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കാൻ നേതൃത്വം നൽകിയ എല്ലാവർക്കും എന്റെ ആശംസകൾ



**AKBARSHA (SITC)**

വിസ്മയ കാഴ്ചകളുടെ ലോകത്തിലാണ് നാം അതുകൊണ്ടുതന്നെ ദൃശ്യങ്ങളും ചിത്രങ്ങളും ഒത്തിരി സ്വാധീനിക്കുന്നുണ്ട് .

കുട്ടികൾ തയ്യാറാക്കുന്ന ഈ മാഗസിന് എന്റെ ആശംസകൾ



**SAMEERA**
**LK mistress**



**FASEELA**
**LK mistress**

ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി **2016** ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ റ്റി ക്ലബ് ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ചു കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.

എല്ലാവർക്കും ആശംസകൾ

# ഉള്ളടക്കം


ഖസാക്ക് മുതൽ റാം **C/o** ആനന്ദി വരെ.................................................................... 8

MEENA TEACHER........................................................................................ 10

യാത്രാവിവരണം.............................................................................................. 11

നിലാവ്..........................................................................................................12

നിഴൽ..........................................................................................................13

ഒരു മത്സ്യ ലോകം..........................................................................................14

IF I COULD FLY ..........................................................................................15

ISLAND OF DIAMONDS...............................................................................16

പ്രകൃതിയുടെ കനിവ് .......................................................................................17

How Little Liam Got Fairy Cows...................................................................19

Life's desire................................................................................................ 20

അനുഭവ കുറിപ്പ്..............................................................................................21

Three Golden Rules......................................................................................22

എന്റെ ഇഷ്ടം.................................................................................................. 23

മറ്റുപ്രവര്ത്തനങ്ങള്...........................................................................................24



# ഖസാക്ക് മുതൽ റാം C/o ആനന്ദി വരെ

**ABDULLA CM**




ഒന്ന് :വായിച്ച ഏറ്റവും പ്രിയപ്പെട്ട നോവൽ ഏതെന്ന് ചോദിച്ചാൽ സംശയമില്ലാതെ ഖസാക്കിന് ഞാൻ ഒന്നാം സ്ഥാനം നൽകും.മനുഷ്യജീവിതമെന്നപ്രഹേളികയെ ഇത്ര മിഴിവോടെ വേറൊരാളും എഴുതിയിട്ടില്ല.താൻ നേടിയ ബന്ധങ്ങളിലോ തൃഷ്ണകളിലോ ഇരിപ്പിടങ്ങളിലോ ഓർമ്മകളിലോ ലഭിക്കാത്ത ഉത്തരം തേടി ഒടുവിൽ രവി മരണത്തെ കാത്തു കിടന്നു.എന്തിനാണ് ഈ മനുഷ്യജീവിതം എന്നത്  അത്ര ലളിതമായ ഒരു ചോദ്യമല്ല എന്ന് രവി നമ്മെയും അസ്വസ്ഥരാക്കുന്നു.ഖസാക്ക് വായിച്ച ഒരു വായനക്കാരൻ ഒരിക്കൽ ഒ.വി വിജയനെ കണ്ടപ്പോൾ ആവേശത്തോടെ വിജയന്റെ കൈ പിടിച്ചുകുലുക്കിയത്രെ. 'കൈ വേദനിക്കുന്നു, പതുക്കെ പിടിക്കൂ' എന്ന് പറഞ്ഞപ്പോൾ"അതുകൊണ്ടെഴുതാനുള്ള മഹത്തായ കൃതി എഴുതിക്കഴിഞ്ഞു. താങ്കളിനി ആ കൈ വെട്ടിക്കളഞ്ഞോളൂ"
എന്നയാൾ തിരിച്ചു പറഞ്ഞത്രെ.

രണ്ട്: ഖസാക്കിന് ശേഷം ഒ.വി വിജയൻ വീണ്ടും നോവലുകളെഴുതി.മലയാളത്തിൽ നിരവധി നോവലുകൾ വേറെയും പിറന്നു. സാഹിത്യത്തിലും ഭാഷയിലും മന്ദമാരുതൻ മുതൽ കൊടുങ്കാറ്റ് വരെ സൃഷ്ടിച്ച നോവലുകളുടെ നീണ്ട നിര.....ചിലതെല്ലാം ഞാൻ വായിച്ചു.ഏറെയും വായിക്കാത്തവ.പുതിയ കാലത്തെ ട്രെന്റായ റാം C/o ആനന്ദി വായിച്ചു തീർന്നത് ഇന്നലെയാണ്.

(നോവൽ നൽകിയ സ്കൂളിലെ സഹപ്രവർത്തക സിന്ധു ടീച്ചർക്ക് നന്ദി).

മൂന്ന്: ഖസാക്കും റാം c/o ആനന്ദിയും താരതമ്യം അർഹിക്കുന്നില്ലല്ലോ എന്ന് ഈ കുറിപ്പിനെ ചോദ്യം ചെയ്യുന്നവരുണ്ടാകാം. വെറും പൈങ്കിളി എന്ന് ഈ നോവലിനെ

സാഹിത്യത്തറവാട്ടിൽ നിന്ന് പുറന്തള്ളുന്നവരുണ്ടാകാം.പക്ഷേ, അവരോടെല്ലാം പറയാനുള്ളത് നോവൽ സാമ്രാജ്യത്തിൽ മികവിന്റെ ഉന്നതിയിൽ ഒന്നാം സ്ഥാനത്തുള്ള നോവൽ ഖസാക്ക് തന്നെ.തൊട്ടടുത്ത് ആനന്ദിന്റെ ആൾക്കൂട്ടം, സി.ആറിന്റെ പ്രകൃതിനിയമം, സാറാ ജോസഫിന്റെ ബുധിനി,സന്തോഷ് കുമാറിന്റെ അന്ധകാരനഴി, മുകുന്ദന്റെ മയ്യഴി, ബഷീറിന്റെ ബാല്യകാല സഖി, എം.ടിയുടെ മഞ്ഞ്, കൽപ്പറ്റയുടെ ഇത്രമാത്രം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത കൃതികൾ.
(എന്റെ വ്യക്തിപരമായ റാങ്കിങ് ആണ്, അഭിപ്രായ വ്യത്യാസമുണ്ടാകാം.)
എന്നാൽ ആ സാഹിത്യസാമ്രാജ്യത്തിന്റെ
ഇങ്ങേത്തലയിൽ അവഗണിക്കാനാകാത്ത ഒരു നോവൽ സാനിധ്യമായി
റാം C/o ആനന്ദിയുമുണ്ട് എന്നെനിക്ക് തോന്നുന്നു.

നാല് :റാം C/o ആനന്ദിയിൽ ഭാഷയുടെ പൂവും നിലാവുമില്ല, ദർശനത്തിന്റെ പ്രകാശമില്ല എന്ന് ഇകഴ്ത്തുന്നവരുണ്ട്. എന്നാൽ ഒരു നോവൽ നിങ്ങൾക്കെന്തു നൽകണം എന്നതിന് ഇത്ര ദാർശനികശാഠ്യം എന്തിന്..? ശക്തമായ ഒരു സ്റ്റോറി കണ്ടന്റ് ഒരു നോവലിനെ സവിശേഷമാക്കില്ലേ?ശ്രീലങ്കൻ വംശയുദ്ധത്തിൽ കുടുംബം നഷ്ടമായ ആനന്ദി നിങ്ങളിൽ വേദന അടയാളപ്പെടുത്തുന്നില്ലേ..? നഷ്ടമായ സഹോദരനെ തേടിയുള്ള ആ ജീവിത തപസ്യക്ക് മുമ്പിൽ നമ്മുടെ ഹൃദയം നമിച്ചു പോകില്ലേ?റാം, മല്ലി, പാട്ടി, വെട്രി, രേഷ്മ.... അവരുടെയെല്ലാം ആഴിയും ചുഴിയും നിറഞ്ഞ ജീവിതം... എല്ലാം വരച്ചു വെച്ചത് ഒരു യുവ എഴുത്തുകാരന്റെ ധിഷണയാണല്ലോ എന്ന് വിസ്മയവും വിനയവും നിറഞ്ഞ ഒരാദരവ് ആ നോവലിന് എന്റെ ഹൃദയം നൽകുന്നു.

അഞ്ച് :ഭീകരത മനുഷ്യരിൽ തീർക്കുന്ന യാതന തന്നെയാണ് റാം C/o ആനന്ദിയുടെ ദർശനം.അച്ഛനെ കൊന്നവർപീഢനത്തിന് ശേഷം അമ്മയെ കൊന്നത് കൺമുന്നിൽ കണ്ട ഒരാൾ,തന്റെ കുടുംബത്തിലെ അവസാന അംഗമായ അനുജനെ അവന്റെ ആറാം വയസ്സിൽ നഷ്ടമായ ഒരാൾ...അനുജനെ തിരിച്ചു കിട്ടാനുള്ള ധർമ്മയുദ്ധമാണവൾക്ക് ജീവിതം.ആ ജീവിതം എത്ര ശക്തമായ കഥാതന്തുവായി നോവലിസ്റ്റ് എഴുതിയിരിക്കുന്നു.അഖിൽ പി. ധർമ്മജൻ....താങ്കൾ എഴുതിയത് സമകാലികതയുടെ മഷി കൊണ്ടാണ്.ഒ.വി വിജയൻ എഴുതിയത് അറുപതുകളിലും എഴുപതുകളിലും ദാരിദ്ര്യവും അസ്തിത്വദു:ഖവും പേറി ജീവിച്ച ഗ്രാമീണരുടെ ജീവിതവും.മനുഷ്യ ബന്ധങ്ങൾ ശുഷ്കവും വരണ്ടതുമായ ഒരു കാലത്തും മനുഷ്യരെ ഹൃദയബന്ധത്തിൽ കോർത്ത് എഴുതുന്നതു തന്നെ ഇനിയുമേറെ എഴുതാൻ താങ്കൾക്ക് കഴിയുമെന്നതിന് തെളിവാണ്.



MEENA

കുട്ടിപ്പട്ടങ്ങൾ ഉയരട്ടെ. വാനിൽ കുട്ടികനവുകൾ ആവോളം നിറയട്ടെ. വാരി വിതറട്ടെ മഴവിൽ ചാരുത ചുറ്റും അറിവിൻറെ അഗ്നി ജ്വലിക്കട്ടെ.



# യാത്രാവിവരണം

ട്രെയിനിൽ നല്ല തിരക്കായിരുന്നു.അവധിക്കാലം കഴിഞ്ഞ് തിരിച്ചുപോകുന്നവരാണ് കൂടുതലും.ഞങ്ങളും അങ്ങനെ തന്നെ.ബാംഗ്ലൂർക്കുള്ള ട്രെയിനിൽ കുറ്റിപ്പുറത്തുനിന്നാണ് ഞങ്ങൾ 6പേരും കയറിയത്.സന്ധ്യയായിട്ടില്ല.കൂറെനേരം കലപിലകൂട്ടി വിശേഷങ്ങളൊക്കെ പറഞ്ഞു.എന്തൊക്കെയോ പലഹാരങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും ഷെയർ ചെയ്ത് വയർ നിറഞ്ഞു.8 മണിയായപ്പോൾ ഉറക്കം വന്നു തുടങ്ങി.അപ്പോഴാണ് അമ്മ തന്നയച്ച ഭക്ഷണപ്പൊതിയുടെ കാര്യം ഓർമ്മവന്നത്.അവർക്കൊന്നും ഭക്ഷണം വേണ്ടന്നു പറഞ്ഞു.സത്യത്തിൽ എനിക്കും വിശപ്പില്ല.എന്നാലും അമ്മ തന്നയച്ചതല്ലേ...

എന്തായലും പൊതി തുറന്നു.ചോറ്,ഉപ്പേരി,അയല വറുത്തത് കുറച്ച് കഴിചെന്നും വരുത്തി.ട്രെയിൻ ഏതോ സ്റ്റേഷനിൽനിർത്തിയിരിക്കുകയാണ്.ഞാൻ പൊതി മടക്കി.കൈ കഴുകി വന്നു.കൂടെയുള്ളവരൊക്കെ അവരവരുടെ ബർത്തിൻ കിടന്നിരുന്നു.സൈെട് സീറ്റിൽ ഇരുന്ന് ഞാൻ പൊതി ട്രാക്കിലേക്കെറിഞ്ഞു.ഒരു നായ അതിനടുത്തേക്ക് ഓടി വന്നു. ഇരുട്ടാണെങ്കിലും മറ്റൊരു രൂപം അതിനടുത്തേക്ക് ഓടി വരുന്നത് ഞാൻ കണ്ടു.നായയെ ഓടിച്ച് പൊതിയെടുത്ത് ഓടി പ്ലാറ്റ്ഫോമിലിരുന്ന് ആർത്തിയോടെ അത് തുറന്ന് വാരിത്തിന്നുന്ന ആ രൂപത്തെ ഞാൻ സൂക്ഷിച്ച് നോക്കി ജടപിടിച്ച മുടിയും താടിയുമുള്ള,എന്റെ അച്ഛനോളം പ്രായമുള്ള ഒരു മനുഷ്യൻ. ദൈവമേ..... എന്റെ നെഞ്ചിനുള്ളിൽ ഒരു വിങ്ങൽ ഇത്രക്ക് വിശപ്പുള്ള ഒരാൾ അവിടെയുണ്ടെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ആ ഭക്ഷണപ്പൊതി കൊടുക്കുമായിരുന്നില്ലേ? ഇതിപ്പോൾ ഞാൻ കഴിച്ച ഭക്ഷണത്തിന്റെ ബാക്കി.......എന്റെ കണ്ണുകൾ നിറഞ്ഞു.വല്ലാത്തൊരു സങ്കടം.ട്രെയിൻ ചൂളംവിളിച്ച് നീങ്ങി തുടങ്ങി.നിറഞ്ഞ കണ്ണിൽ ഒന്നും വ്യക്തമായില്ലെങ്കിലും കണ്ണിൽ നിന്ന് മറയുന്നത് വരെ ഞാൻ അയാളെ നോക്കി.

കുറച്ച് ദിവസത്തേക്ക് എപ്പോൾ ഭക്ഷണത്തിനു മുന്നിലിരിക്കുമ്പോഴും ആ മനുഷ്യന്റെ മുഖം എന്റെ മനസ്സിൽനിന്ന് മാഞ്ഞിട്ടില്ല........

തെളിയുന്നു.ഇപ്പോഴും അത്
മനസ്സിൽ

-NISHA P.M

# നിലാവ്

കയ്യെത്താ ദൂരത്ത് നീ
തെളിഞ്ഞുനിൽക്കുമ്പോൾ
എന്തൊരു ചന്തം
എൻ പ്രിയ നിലാവേ
കുളിരിനോടും കാറ്റിനോടും
മഴയോടും ദൂതയച്ചു ഞാൻ
നിന്നെ ഒരുനോക്കുകാണാൻ
എൻ നിലാവേ, പ്രിയ നിലാവേ
ആകാശ പാളികൾക്കിടയിൽ
നിന്നെ ഞാൻ കണ്ടല്ലോ
എൻ നിലാവേ,പ്രിയ നിലാവേ

_ FIZA MEHRIN 9-B



# നിഴൽ



കൂടെയുണ്ടായിട്ടും അറിഞ്ഞില്ല
കൂടെപ്പിറപ്പേ നിന്നെ ഞാൻ
വേദന എന്തെന്നറിയാത്ത നിന്നെ
വേദനിപ്പിച്ചീടുന്നു എന്നും
എന്നുടെ ചുറ്റുമുണ്ടായിട്ടും
എൻ പാദത്താൽ നോവിച്ചീടുന്നു.
അയ്യയ്യോ വേണ്ടയോ നിൻ ശിരസ്സിൽ
ചവിട്ടിയ എന്നെ നീ-
വേർപ്പെടുത്തണില്ലയോ
അന്യർക്കു താങ്ങായ് തണലായ്
എന്നിട്ടും നിന്നെ അറിഞ്ഞില്ല ഞാൻ-
മണ്ണോട് മണ്ണായ് ചായുന്ന നേരത്തും
എന്നുടെ കൂടപ്പിറപ്പല്ലയോ നീ
ആരെല്ലാമുണ്ടേലും ആരോക്കെ
പോയാലും നീ മാത്രം-നീ മത്രം
എനിക്കു സ്വന്തം....

_ PRAJITHA BP



# ഒരു മത്സ്യ ലോകം

അന്ന് സ്കൂൾ ഇല്ലാത്ത ദിവസമായിരുന്നു.ഉമ്മൂമ്മയും മൂത്തുമ്മയും വീട്ടിൽ വിരുന്നു വന്ന സമയം ഞങ്ങൾ
എല്ലാവരും മറൈൻ വേൾഡ് ചാവക്കാടിലേക്ക് ഒരു യാത്ര പോയി.അബ്ബയാണ് കൊണ്ടുപോയത്.
ആദ്യമായാണ് ഞങ്ങളെല്ലാവരും അവിടെ കാണാൻ പോകുന്നത്. 400രൂപ മുതിർന്നവർക്കും 300രൂപ കുട്ടികൾക്കും ആണ് എൻട്രി ഫീസ്.ഞങ്ങൾ നാല് മക്കളും അബ്ബയും ഉമ്മയും ഉമ്മൂമ്മയും മൂത്തുമ്മയും അകത്ത് കയറി .ആദ്യം കണ്ടത് കാലിട്ടാൽ കുഞ്ഞ് മീനുകൾ കാല് ഇക്കിളിയാക്കി വൃത്തിയാക്കുന്ന ഒരു ചാലായിരുന്നു.ചിലർ അതിൽ കാലിട്ട് ഇക്കിളികൊണ്ട് എണീറ്റു ഓടുന്നു .അവിടെ മുതൽ മത്സ്യങ്ങളുടെ ഒരു ലോകമാണ് .അടുത്ത സ്ഥലത്ത് ഫോട്ടോ സെക്ഷനിൽ നിന്ന് ഒരു ഫാമിലി ഫോട്ടോ എടുത്തു. പല ഡിസൈനിലുള്ള തിരണ്ടി മീനുകളെ കണ്ടു.അടുത്ത സെക്ഷനിൽ സ്റ്റാർ ഫിഷും കുറെ വർണ്ണ മത്സ്യങ്ങളേയും കണ്ടു.അവിടെ നിന്നും ഇരുട്ടുള്ള ഒരു കാട് പോലെ തോന്നിപ്പിക്കുന്ന ഒരു സ്ഥലത്തേക്ക് എത്തി. താഴേയായി ഗ്ലാസിലൂടെ ധാരാളം മത്സ്യങ്ങളെ കാണാം.അവ ശുദ്ധ ജല മത്സ്യങ്ങളാണ് .

അവിടെ നിന്നും നടക്കുമ്പോൾ ചെറിയ ചില്ലു ബോട്ടിലുകളിൽ വിവിധയിനം മീനുകളെ കണ്ടു.ഈൽ മത്സ്യം ,കൂറ്റൻ അരാപൈമ ,പല നിറത്തിലുള്ള കൂട്ടമായി നീന്തിത്തുടിക്കുന്ന മത്സ്യങ്ങൾ,ചെമ്മീൻ ,നീരാളി എന്നിവയൊക്കെ കണ്ടു മുന്നോട്ട് നീങ്ങി.ഉഗ്ര വിഷമുള്ള മത്സ്യങ്ങൾ മുതൽ പിരാന പോലുള്ളവയെയും കണ്ടു .അതുവരെ ഞങ്ങൾ കണ്ടിട്ടില്ലാത്ത മണലിൽ ആണ്ടു കിടക്കുന്ന മത്സ്യങ്ങൾ ,കണ്ടാൽ പേടിതോന്നുന്ന മീനുകൾ .....ഉമ്മൂമ്മക്കും മൂത്തുമ്മാക്കും വളരെ സന്തോഷം.കടലിന്നടിയിൽ പോയ ഒരു അനുഭവം.നടന്ന് നടന്ന് ഏകദേശം അവസാനത്തിലെത്തി. അവിടെ മത്സ്യവേഷം ധരിച്ച് അവിടെ സിസ്റ്റം റിപ്പയർ ചെയ്യാൻ ഒരാൾ വെള്ളത്തിൽ നീന്തുന്നത് ബഹുരസമായിരുന്നു.
അവസാന ഭാഗത്ത് വലിയ ഒരു ടാങ്കിൽ ഒരു സ്രാവ് അതിന്റെ കുഞ്ഞുമായി നീന്തുന്നു. ധാരാളം ആളുകൾ ഈ കാഴ്ചകൾ കാണാൻ അവിടെയുണ്ടായിരുന്നു. പുറത്ത് കടന്നപ്പോൾ അവിടെ മത്സ്യങ്ങൾക്ക് തീറ്റ കൊടുക്കുന്നത് കണ്ടു.കൈയ്യിൽ തീറ്റ വെച്ചാൽ അവ വന്ന് തിന്നുന്നത് മനോഹരമായ കാഴ്ചയാണ്. പുറത്ത് വിവിധ വസ്തുക്കളുടെ സ്റ്റാളുകൾ ഉണ്ട്.അവിടേയും ഒന്ന് കയറി. ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു.

- IFFAH FATHIMA IBRAHIM-8H

# IF I COULD FLY

If I could fly,  I  would fly so high
up into the bright blue sky.
I’d ride on rainbows and float with the colours.
And give the sun a kiss.

If I had wings like a beautiful bird
I’d soar through the air with the greatest of flair
I’d see all the mountains and trees from above
And fly above from the big blue sea

So fly, fly ,up into the sky
And dream, dream,that you have two wings
Just close your eyes and imagine your wings
And fly away with me, and fly away with me.



# ISLAND OF DIAMONDS

Once Sindbad and many other merchants
set out together on a voyage. On the way,
they found a clam island. They decided to
stay there for the night.
There were no humans living there.
Every one slept inside the ship.
They didn't notice sinbad had slept peacefully under a tree on the island.
When he woke up next morning sinbad
realized that others had left him behind.
They had thought that sinbad was on the ship.
Sinbad was a courageous man.
He wandered the island looking for a shelter.
Then he saw a mountain full of diamonds
But there were many snakes slithering
all over the mountain. Sinbad walked over the
diamonds as if they were just stones.
Then he found a huge bird sleeping at one
place. The legs the bird were along as trees.
Sinbad collected big peace of diamonds, and
stuffed them inside his pockets and hat. He
clipped over the bird, and lay on its shoulder.
The bird thought that sinbad was an insect.
Next morning, the bird flew high in to the air.
As the bird was going on its way, sinbad jumped down to a tree top in a forest.
Some hunters saw this.
They were very frightened when they saw a man falling from the sky.
Sinbad told his hunters incredible story, and gifted them
some of the diamonds he had gathered.
The happy hunters arranged a ship to take sinbad back home.
Thus, returned home after getting richer, and with one more incredible
adventure story to tell.

Syam C
9.F

# പ്രകൃതിയുടെ കനിവ്

കനത്ത വേനൽകാലം വന്നു. കാട്ടിലെ ചെടികളെല്ലാം കരിഞ്ഞുണങ്ങി. അവിടെ നോക്കിയിട്ട് ഒരു കുഞ്ഞുപൂവുപോലും കാണാനില്ല. കാടായ കാടൊക്കെ ചുറ്റിത്തിരിഞ്ഞിട്ടും ചിന്നു പൂമ്പാറ്റയ്ക്ക് ഒരു തുള്ളി പൂന്തേൻ പോലും കിട്ടിയില്ല. വിശപ്പും ദാഹവും കൊണ്ട് അവൾ വല്ലാതെ തളർന്നു. കുഴഞ്ഞു വീഴുമെന്നായപ്പോൾ ചിന്നു പൂമ്പാറ്റ ഒരു പവിഴമല്ലിച്ചെടിയിൽ തളർന്നിരുന്നു. അപ്പോഴാണ് മുരുകൻ തുമ്പി കുറെ പൂന്തേനും പൂമ്പൊടിയും ചുമന്ന് അതുവഴി വന്നത്.

"മുരുകൻ തുമ്പീ, മുരുകൻ തുമ്പീ ഞാനിപ്പോ മരിക്കും. എനിക്ക് ഒരു തുള്ളി തേൻ തരാമോ?" "ഇല്ലില്ല ;ഇത് ഞാൻ കഷ്ടപ്പെട്ട് നേടിയ തേനാണ്. ഒറ്റക്ക് തന്നെ കഴിക്കും. ആർക്കും തരില്ല". മുരുകൻ തുമ്പി വേഗത്തിൽ പറന്നുപോയി. കുറച്ചു കഴിഞ്ഞപ്പോൾ ഒരു കറുകറുമ്പൻ തേനീച്ച പാട്ടും മൂളി അതിലെ വന്നു. ചിന്നു പൂമ്പാറ്റ ചോദിച്ചു:"ചങ്ങാതീ, വിശപ്പും ദാഹവും കൊണ്ട് ഞാനാകെ തളർന്നു. എന്റെ ചുണ്ട് നനയ്ക്കാൻ ഒരു തുള്ളി തേൻ തരാമോ?" "ഓ താരാമല്ലോ" കുറുമ്പൻ തേനീച്ച ചിന്നു പൂമ്പാറ്റയ്ക്ക് വയറുനിറയെ പൂന്തേൻ കൊടുത്തു. അവൾക്ക് സന്തോമായി. അവൾ പറഞ്ഞു:"കറുമ്പാ, നീ എത്ര നല്ലവനാണ്!നിനക്ക് നൂറുനന്ദി".

"ചിന്നു പൂമ്പാറ്റ, നീ എന്നോടല്ല നന്ദി പറയേണ്ടത് "കറുമ്പൻ പറഞ്ഞു. "പിന്നെ ആരോടാണ്?" ചിന്നു പൂമ്പാറ്റ ചോദിച്ചു. "നമുക്ക് പൂന്തേൻ നൽകുന്ന പൂവും, പൂവിനെ വിടർത്തിയാ ചെടിയും, ചെടിയെ ഉറപ്പിച്ചു നിർത്തുന്ന മണ്ണുമെല്ലാം പ്രകൃതിയമ്മയുടെ ധാനമാണ്. ഈ ചുറ്റുപാഴുത്ത വേനലിലും പ്രകൃതിയോടാണ് നാം നന്ദി പറയേണ്ടത് ". കറുമ്പൻ തേനീച്ച കൈകൾ കൂപ്പി പ്രകൃതിയമ്മയെ വണങ്ങി. അതുകണ്ട് ചിന്നു പൂമ്പാറ്റയും പ്രകൃതിയമ്മക്ക് നന്ദി പറഞ്ഞു. നമുക്കും അതുപോലെ പ്രകൃതിയമ്മയോട് തീർത്താൽ തീരാത്ത നന്ദിയും കടപ്പാടും അറിയിക്കേണ്ടതുണ്ട്. അക്കാര്യം നമ്മൾ മറക്കരുത്.

ആലിയും പോക്കരും കൂടി പണ്ടൊരു റേഡിയോ വാങ്ങി. പോക്കറിന്റെ ജോലി തിരക്ക് കഴിഞ്ഞ് റേഡിയോ ഓൺ ചെയ്യുമ്പോഴൊക്കെ ഇംഗ്ലിഷ് വാർത്തയുടെ സമയമാകും This is all India radio (ഇത് ആലിന്റെ റേഡിയോ)ഞാനും ആലിയും കൂടിയല്ലെ റേഡിയോ വാങ്ങിയത് എന്തുകൊണ്ട് എന്റെ പേര് പറയുന്നില്ല....? പോക്കർ ചിന്തിച്ചു പോക്കറിന് ദേഷ്യം വന്നു പോക്കർ റേഡിയോ എടുത്തെറിഞ്ഞു

പര.. പര.... പപ്പര.. .പര..പപ്പര....

പിന്നീട് റേഡിയോ ഓൺ ചെയ്യുമ്പോഴൊക്കെ ഇങ്ങനെയായിരുന്നു പോക്കർ കേട്ടിരുന്നത് . " ഒന്നെറിഞ്ഞാലെന്താ എന്റെ പേര് ഇപ്പോ പഠിക്കാൻ തുടങ്ങിയിരിക്കുന്നു "

കഥയിലൂടെ പറഞ്ഞു വന്നത് ഒരു കാലഘട്ടത്തിന്റെ മൊബൈൽ ഫോണും ജീവിതത്തിന്റെ ഒരു ഭാഗവുമായിരുന്നു റേഡിയോ

രഘുപതി രാഘവ രാജാറാം പതീന പാവന സീതാറാം.....
കുട്ടി കാലത്ത്രാവിലെ എണീറ്റ് വരുമ്പോൾ പതിവായി റേഡിയോ വിലൂടെ കേട്ടിരുന്നത് ഗാന്ധിമാർഗം വും ആ പഴയ ചലച്ചിത്ര ഗാനങ്ങളും അടുക്കളയിൽ ദോശ ചുടുന്നതിന്റെ ഷീ'... എന്ന സൗണ്ടുമായിരുന്നു

ഓല മേഞ്ഞ ചായ കടയുടെ മുമ്പിലും വീടിന്റെ കോലായിൽ നിന്നും റേഡിയോ വിൽ നടക്കുന്ന വിവിധ പ്രോഗാമുകൾ കേൾക്കാം . പ്രധാന വാർത്തകൾ വായിക്കുന്ന സമയം ചായ കടകൾക്ക് മുമ്പിൽ ആളുകൾ തടിച്ചുകൂടിയിരുന്നത് ഇന്നും ഓർമയിലുണ്ട് അവിടെ കുട്ടികളുടെ കലപില ശബ്ദങ്ങൾക്ക് സ്ഥാനമില്ലായിരുന്നു
അയൽപ്പക്കത്തെ വീടുകളിൽ നിന്നും റേഡിയോ ഇല്ലാത്ത വീടുകളിലേക്കും വാർത്തകളും വിവിധ പ്രോഗ്രാമുകളും പരന്നിരുന്നു....
വഴിയിലൂടെ നടന്നുപോകുമ്പോഴും ഒരേ ഗാനം പല വീടുകളിൽ നിന്നായി കേൾക്കാം....
പുതിയ ചലച്ചിത്രഗാനങ്ങൾ കേൾക്കാൻ ഒരു കാലത്ത് റേഡിയോ ആയിരുന്നു ഏക മാർഗം ടേപ്പ് റിക്കോർഡറിൽ കേൾക്കുന്നതിനേക്കാൾ ഇഷ്ടംഎപ്പോഴും റേഡിയോയിൽ കൂടി കേൾക്കാനായിരുന്നു.
റേഡിയോവിൽ കൂടി പാട്ടു കേട്ടു തുടങ്ങിയതോടെയാണ് ഒരു ചലച്ചിത്ര ഗാനത്തിന്റെ പിന്നണിയിൽ പ്രവർത്തിച്ചിരുന്ന കാലകാരന്മാരെ കുറിച്ച് അറിയാൻ സാധിച്ചത് (ഗാനരചയിതാവ്, സംഗീത സംവിധായകൻ, ചലച്ചിത്രത്തിന്റെ പേര്...)
കാർഷികരംഗം, വിദ്യാഭ്യാസ രംഗം, യുവ വാണി അങ്ങനെ പോകുന്നു വിവിധ പ്രോഗ്രാമുകൾ
റേഡിയോവിലുടെ സാധാരണക്കാർക്ക് പല അറിവുകളും നേടിയിരുന്നു...

അതുപോലെ പരസ്യങ്ങളും , കൃഷ്ണ തുളസി കഫ് സിറപ്പിന് 14 രൂപ 95 പൈസ മാത്ര ഇന്നെത്രയാ വില എന്നറിയില്ല.

തുള്ളി ചാടി നടന്നിരുന്നൊരുകുട്ടിയാ....... ഇപ്പോ ആകെ അങ്ങ് ക്ഷീണിച്ച് ഒരു അസുഖകാരിയെ പോലെ.....
അസുഖത്തെ കുറിച്ച് ചേച്ചി എന്തിനാ വിഷമിക്കണേ.... മോൾക്ക് കുറച്ച് കുമാരി കല്പം വാങ്ങി കൊടുക്കൂന്നേ....
കുമാരി കല്പത്തിന്റെ പരസ്യം ഇങ്ങനെയായിരുന്നു

വീട്ടിൽ റേഡിയോ ഓണാക്കി വച്ചാൽ പിന്നെ സമയം നോക്കാൻ വാച്ചിന്റെ ആവശ്യമില്ലായിരുന്നു .സക്കൂളിലും കോളെജിലും പഠിക്കുന്ന കാലത്ത് വീട്ടിൽ നിന്നും ഇറങ്ങുമ്പോഴുള്ള സമയവും ബസ് സമയവും ഒക്കെ റേഡിയോ ഒപ്പണാക്കി വച്ചാൽ അറിയാമായിരുന്നു ..

കാലം മാറി കഥ മാറി റേഡിയോ എന്ന ആ വലിയ പെട്ടി വെറും ഒരു ചിത്രമായി മെബൈൽ ഫോണിന്റെ വശ്യതയാർന്ന ഡിസ്പ്ലേയുടെ ഒരു കോർണറിൽ ഒതുങ്ങി
ഇന്ന് വിരൽ തുമ്പിൽ ലോകമുണ്ടെങ്കിലും ആ പഴയ റേഡിയോയിൽ കൂടിയുള്ള വിവരമൊന്നും ഇന്ന് പലയാളുകൾക്കും ഇല്ല. റേഡിയോ ഓണാക്കി സ്റ്റേഷൻ തിരയുന്ന ആ പഴയ കലാരൂപം പുതുതലമുറക്ക് അന്യമാണ് ...

ഓല മേഞ്ഞ ചായ കട കോൺക്രീറ്റ് കെട്ടിടങ്ങൾക്ക് വഴിമാറി
റേഡിയോ സ്മാർട്ട് ടിവികൾക്കും ...
തല താഴ്ത്തിയിരിക്കുന്ന പുതിയ കാലത്ത് ഉയരത്തിൽ സ്ഥാപിച്ചിരിക്കുന്ന ടിവി യും ഒരു നോക്കുകുത്തിയായി...

വല്ലപ്പോഴും മൊബൈൽ ഫോണിലെ റേഡിയോ തുറന്നു നോക്കാൻ ശ്രമിച്ചാൽ connect your headset എന്ന് എഴുതി കാണിക്കും head set എടുക്കാൻ നേരം ദേ ... വരുന്നു വാട്സ് അപ്പ് അപ്ഡേറ്റുകൾ മനസ്സ് 'പിന്നേ അങ്ങോട്ടു വഴിമാറും.....
എന്റെ തൊട്ടപ്പുറത്ത് താമസിക്കുന്ന മുഹമ്മദാക്കാന്റെ വീട്ടിലാണിപ്പോ ആ പഴയ റേഡിയോ ഉള്ളത്
ഏതോ ആക്രി കടയിൽ നിന്നും കിട്ടിയതാണത്രേ.....
റേഡിയോ ഓൺ ചെയത നേരം .....

പിന്നെയും പിന്നെയും ആരോ കിനാവിന്റെ പടികടന്നെത്തുന്ന .....
ചലച്ചിത്ര ഗാനങ്ങൾ സമാപിച്ചു ...
ചലച്ചിത്ര ഗാനങ്ങൾ ഇനി രാത്രി 8:30 ന്....

#ശിഹാബ് കുളത്തൂർ

# How Little Liam Got Fairy Cows

Once upon a time, little Liam and his mother lived near the sea.
They were poor, but they were happy.
Liam and his mother ate fish from the sea, drank milk from their cows,
and ate bread made from the wheat that they grew.
But one day, both cows died.
There was no more wheat, and little
Liam could no longer get any fish.
Little Liam and mother had nothing to eat! One night, a poor
old man visited them. His head was bleeding.
Liam and his mother gave him food and cared for his wound.
After a good night's sleep, the old man
looked much better. In the morning, the old man
thanked them, and left.
He told them how to get magical fairy sea cows.
Liam and his mother got the fairy sea cows.
They had plenty of thick creamy milk after that.
Their kind and generous hearts had saved them.
They lived happily ever after.

Abhiram R,
9.B




# Life's desire




I never always to desire stabilities,
I never always to desire grief;
stabilities – Grief's play of eye lid,
Life – Open intrinsic face!
Stabilities – Grief's sweet arrival
This life is complete ;
Again cloud is disappear of the moon
Again cloud is disappeared the cloud!
World annoy surplus grief
World is annoy oh! Surplus stabilities;
Human nature of sharing
Grief – stabilities of stabilities!
Continuation grief pain tournament
Continuation stabilities pain tournament
Grief – stabilities of night – morning
Broke – Appear of Nature rule

Nandu Santhosh
9 B



# അനുഭവ കുറിപ്പ്

ഞാൻ ന്യൂ ഇയർന് വീടിന്റെ അടുത്തുള്ള ബീച്ചിലേക്ക്പോയി . ന്യൂ ഇയർ പ്രമാണിച്ച് പല തരം കളികൾ ഉണ്ടായിരുന്നു. ഞങ്ങൾ രാത്രിയാണ് ബീച്ചിലേക്ക് പോയത. ന്യൂ ഇയർ ആയതിനാൽ പല നിറത്തിലുള്ള ലൈറ്റുകൾ ഉണ്ടായിരുന്നു.അവിടെ ഒരുപാട് ആളുകൾ കുടുംബവുമായി ന്യൂ ഇയർ ആഘോഷിക്കുന്നുണ്ടായിരുന്നു. ബീച്ചിന്റെ ഒരറ്റത്തായി ചേർത്തല്ലാത്ത ഒരു സ്റ്റേജ് ഉണ്ടായിരുന്നു ആ സ്റ്റേജിന്റെ മുന്നുലായി ഒരുപാട് കസേരകൾ നിരത്തി കിട്ടിയിരുന്നു. ഞാൻ ആദ്യം എന്റെ സഹോദരികൾക്കൊപ്പം കടലിൽ കളിച്ചു ശേഷം ഐസ്ക്രീമും ഉപ്പിലിട്ടതും ഒക്കെ കഴിച്ചു ശേഷം സ്റ്റേജിലെ പരിപാടികൾ കാണാൻ പോയി. ആ സമയത്ത് റോക്കറ്റ് പടക്കം മുകളിൽ ചെന്ന് പൊട്ടുന്നതായി കണ്ടു. പിന്നീട് ഞങ്ങൾ ബീച്ചിൽ നിന്ന് ഇറങ്ങി ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. ശേഷം തിയേറ്ററിൽ കയറി മൂവി കണ്ടു ശേഷം അവിടെ നിന്ന് ഇറങ്ങി അമ്മായിയുടെ വീട്ടിലിലേക്ക് പോയി.അമ്മായിയുടെ വീട്ടിൽ ഞങ്ങൾ കുടുംബക്കാർ എല്ലാവരും ഉണ്ടായിരുന്നു.കസിൻസ് എല്ലാവരും കൂടി പൂതിരികൾ കത്തിച്ചു ഈ കഴിഞ്ഞ ദിവസം എനിക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു.

-Hiba sherin. NP 9H


"നമ്മുടെ സ്വന്തം ഊട്ടി"

എന്റെ കുടുംബവുമായി ഊട്ടിയിലേക്ക് പോയൊരു യാത്രയെ കുറിച്ചാണ് ഞാൻ ഇതിൽ പറയുന്നത്. പുലർച്ച 4:00 മണി എല്ലാവരും ഉറങ്ങി എണീറ്റ് ഊട്ടിയിലേക്കുള്ള യാത്രക്കുവേണ്ടി തയ്യാറെടുപ്പിലാണ് ഞങ്ങൾ എല്ലാവരും തയ്യാറായി നിൽക്കുകയാണ്. അങ്ങനെ വണ്ടി സ്റ്റാർട്ട് ആക്കി. അങ്ങനെ കിളികളുടെ ഒച്ചയിലും കോരിതരിപ്പിക്കുന്ന തണുപ്പിൽ ഞങ്ങളുടെ യാത്ര ആരംഭിച്ചു.പല കാഴ്ചകളും ഞാൻ യാത്രക്കിടയിൽ കാണാൻ ഇടയായി.രസിപ്പിക്കുന്നതും ചിരിപ്പിക്കുന്നതുമായ എല്ലാം

ഇതെല്ലാം കഴിഞ്ഞ് ഒടുവിൽ ഞങ്ങൾ വിചാരിച്ച സ്ഥലത്തെത്തി. "നമ്മുടെ സ്വന്തം ഊട്ടി". കോടമഞ്ഞ് നിറഞ്ഞു നിൽക്കുന്ന മേഘങ്ങൾ, ആകാശം മുട്ടും ഉയരമുള്ള മലകൾ, പച്ച പൊൻ പാടം നിറഞ്ഞു നിൽക്കുന്ന കാപ്പികൃഷി. അങ്ങനെ ഇനി എത്ര കാണാൻ കിടക്കുന്നു. ഇതെല്ലാം കണ്ട് ഞങ്ങൾ മനസ്സ് നിറയേവോളം സന്തോഷിച്ച് നിന്നു. അങ്ങനെ ഇരിക്കുമ്പോഴാണ് മനുഷ്യപ്രകൃതത്തിലുള്ള കുട്ടി കുരങ്ങാന്മാർ അവിടെ എത്തിയത്. ഇവരുടെ കാര്യം പിന്നെ എടുത്തു പറയേണ്ടതിൽ ഒന്ന് തന്നെയാണ്. നമ്മുടെ കുരങ്ങാന്മാരുടെ രസിപ്പിച്ച വിനോദങ്ങൾ. സകല മറങ്ങളിലേക്കും ചാടിയോടി നടക്കുമായിരുന്നു. ഇതെല്ലാം കാണുമ്പോൾ നമുക്ക് കൗതുകം തന്നെയാണ്. പലരുടേയും കയ്യിലെ ഭക്ഷണം കണ്ടാൽ തട്ടിപ്പറിച്ചു ഓടലാണ് അവരുടെ പ്രധാന സംഭവം. അങ്ങനെ ഞങ്ങൾ അതെല്ലാം കണ്ട് ആസ്വദിച്ച് അവിടെ നിന്നും വീട്ടിലേക്ക് തിരിച്ചു. എല്ലാവരും ജീവിതത്തിൽ ഒരു പ്രാവശ്യമെങ്കിലും പോവേണ്ടതിൽ ഒന്നാണ്



# Three Golden Rules



Three things to respect
Old age, religion and law
Three things to love,
purity, honesty to love
Three things to admire,
Beauty, intelligence and contentment
Three things to cultivate
Courage, cheerfulness and character
Three things to maintain
Promise, friendship and affection

Nidhin Raj S
9 D

# LONELINESS



Life is a lonely path
Which frightens and darkens
Where lovers are passers by,
And friends, mere stranger
Life is a little boat,
Drifting in the ocean,
I travel in the boat
All along in the storm
No one to cheer me up.
No one to console me,
No one to love me,
Facing trials all alone.
I found myself in darkness,
I found myself in doom,
There is no ray of hope,
I am still alone.


Nibiya R Biju
10 C

# എന്റെ ഇഷ്ടം

എനിക്ക് ഏറ്റവും ഇഷ്ട്ടപെട്ട സ്ഥലമാണ് അങ്ങാടി. കാരണം എനിക്ക് ഇഷ്ടമുള്ള എന്റെ ജീവന്റെ ജീവനായ ഏറ്റവും പ്രിയപ്പെട്ട എന്റെ M. I.U.P School അവിടെയാണ്. അതു കൂടാതെ പ്രിയപ്പെട്ട സാജിത ടീച്ചറും ശബ്ന ടീച്ചർ, മുഹമ്മദ് മാഷ്, കുഞ്ഞുമുഹമ്മദ് മാഷ്, നസീമ ടീച്ചർ, ഹസ്ന ടീച്ചർ, റാസി മാഷ് തുടങ്ങിയ പ്രിയപ്പെട്ട ടീച്ചർമാരും പിന്നെ ആയിഷാബി ടീച്ചറും, റഹ്മത്ത് ടീച്ചറും,സീജ ടീച്ചറും ആദ്യം HM ആയിരുന്ന ഹനീഫ മാഷും പിന്നെ ഫാദിയ ടീച്ചറും അവിടെയാണ്.ഞാൻ ജനിച്ചു വളർന്നത് അങ്ങാടിയിലെ തറവാട്ടിലായിരുന്നു. തറവാട്ടിൽ നിന്ന് ആയിരുന്നു M. I.U.P സ്കൂളിൽ പോയിരുന്നത്. ആ സ്കൂളിൽ 1 മുതൽ 7 വരെയാണ് പഠിച്ചിരുന്നത് . M.I.U.P സ്കൂളിൽ പോയി എനിക്ക് വളരെയേറെ അറിവുകൾ നേടാൻ കഴിഞ്ഞു. എന്റെ സൂറ മൂത്തുമ്മാന്റെ വീടും എന്റെ ഐെസികുട്ടി മൂത്തുമ്മാന്റെ വീടും അവിടെയാണ്.ഒരുവട്ടം കൂടി M. I.U.P school പോകാനും 1 മുതൽ 7 വരെ പഠിക്കാനും ഇപ്പോഴും ഞാൻ ആഗ്രഹിക്കുന്നു . തറവാട്ടിലെ എന്റെ കുട്ടിക്കാലത്തിലേക്ക് തിരിച്ചു പോകാനും ആഗ്രഹിക്കുന്നു.

ആ കാലം ഒരിക്കലും മറക്കില്ല. എന്റെ മനസ്സിൽ എപ്പോഴും മായാതെ M. I. U.P സ്കൂളിന്റെ ഓർമ്മകൾ ഉണ്ടാകും. പക്ഷെ അന്നു പഠിപ്പിച്ചു തരുമ്പോൾ എന്നെ പഠിക്കാത്തതിന്റെ പേരിൽ അടിക്കുകയും ചീത്ത പറയുകയും ചെയ്യും അപ്പോൾ ഞാൻ വിചാരിച്ചു എന്നോടുള്ള ദേഷ്യം കൊണ്ടാണ് ചെയ്യുന്നത്. പക്ഷെ ഇപ്പോഴല്ലേ മനസ്സിലായത് പഠിക്കാൻ വേണ്ടിയാണെന്ന്. നല്ലൊരു സ്കൂളാണ് M. I. U.P സ്കൂൾ . ഞാൻ ആ സ്കൂളിനെ മിസ് ചെയ്യുന്നു. M . I. U.P സ്കൂൾ ഞാൻ മരിക്കുന്നത് വരെ മനസ്സിൽ നിന്ന് മാഞ്ഞുപോവുകയില്ല.

_SAHANA.K 8G



## സാക്ഷരത ക്ലാസ്സ്





## ചാനൽ സന്ദർശനം





# Preliminary camp



# freedom fest






**ഭിന്നശേഷി കുട്ടികൾക്കുള്ള ക്ലാസ്സ്**






ആദ്യ പരാജയം അഭിമുഖീകരിക്കാൻ
ഒരിക്കലും ഭയക്കരുത്. കാരണം
വിജയകരമായ ഒരു കണക്ക് പോലും
തുടങ്ങുന്നത് 'സീറോയിൽ' നിന്നാണ്.
Shaiju Raj

…………….ശുഭം…………